(സി) പാലക്കാട് ജില്ലയിലെ പെരുമാട്ടി, പുതുശ്ശേരി പഞ്ചായത്തുകളിൽ കൊക്കകോള, പെപ്സി കമ്പനികൾ നടത്തുന്ന ജലമൂറ്റലിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് ഹൈക്കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്രകാരം അനധികൃതമായി ഭൂഗർഭജലം ചോർത്തുകയും പരിസര മലിനീകരണം നടത്തുകയും ചെയ്യുന്ന കമ്പനിക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) കോളകമ്പനികൾ വിൽക്കുന്ന കോളകളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കലർന്നിട്ടുള്ളതായി പരിശോധനയിൽ തെളിഞ്ഞിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇങ്ങനെ രാസവസ്തുക്കൾ കലർന്ന കോള വിൽക്കുന്ന കമ്പനി അടച്ചുപൂട്ടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്തിൽ കൊക്കകോള കമ്പനി നടത്തുന്ന ജലമൂറ്റലിനെക്കുറിച്ച് പഠിക്കുന്നതിനായി ബഹു. ഹൈക്കോടതി സി. ഡബ്ലിയു. ആർ.ഡി.എം.-ലെ ഡയറക്ടറായ ശ്രീ. ഇ. ജെ. ജയിംസിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പെപ്സി കമ്പനിയെ സംബന്ധിച്ച വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണ്. പെപ്സി കമ്പനിയുടെ ജലമൂറ്റലിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഈ വിഷയം ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ സർക്കാർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) പ്രസ്തുത വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതി തീരുമാനമനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കുറ്റപത്രം സമർപ്പിക്കാൻ നടപടി

30 [741] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റപത്രം നൽകാത്ത എത്ര കേസുകൾ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ട്;

(ബി) ഇത്തരം കേസുകളിൽ കുറ്റപത്രം സമർപ്പിക്കാൻ ഇതുവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇനിയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 37,632 കേസുകൾ.

(ബി) ഊർജ്ജിതമായും കാര്യക്ഷമമായും കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രമോ, റഫർ ചാർജ്ജോ കോടതിയിൽ സമർപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആവശ്യമുള്ള കേസുകളിൽ കെമിക്കൽ അനാലിസിസ് റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, വൂണ്ട് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിനും ഒളിവിൽ കഴിയുന്ന പ്രതികളെ അറസ്റ്റു ചെയ്യുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസിലെ ഉയർന്നതലത്തിലെ അഴിമതി

31 [743] ശ്രീ. കെ. എൻ. എ. ഖാദർ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡി. വൈ. എസ്. പി. മുതൽ ഡി. ഐ. ജി., ഐ. ജി. തലത്തിൽവരെ അഴിമതി നിലനിൽക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന പോലീസിലെ പല തലങ്ങളിലുള്ള ചില ഉദ്യോഗസ്ഥൻമാരെ കുറിച്ച് അഴിമതി ആരോപണങ്ങൾ ലഭിക്കാറുണ്ട്.

(ബി, സി) ഇത്തരം ആരോപണങ്ങളെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തി കൂടുതൽ നടപടി ആവശ്യമുള്ള പരാതികളിൽ വിജിലൻസ് അന്വേഷണവും തുടർ ശിക്ഷണ നടപടികളും സ്വീകരിക്കാറുണ്ട്.

പോലീസ് സേനയിൽ വർദ്ധിച്ച് വരുന്ന അഴിമതി തടയുന്നതിനും കണ്ടുപിടിക്കുന്നതിനും നടപടി

32 [744] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, കെ. വി. കുഞ്ഞിരാമൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly